**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1790** **19-01-2021 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗത്തിന്റെ ഉന്നമനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ പി .ടി .എ . റഹീം ,<br>ശ്രീ. വി. അബ്ദുറഹിമാൻ,<br>ശ്രീ. ആന്റണി ജോൺ** | | **Dr.K.T.Jaleel<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കായി ആവിഷ്കരിച്ചിട്ടുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ 2016-2017 സാമ്പത്തിക വർഷം 1240 വീടുകളും 2017-18 സാമ്പത്തിക വർഷം 1798 വീടുകളും കൂടാതെ, 1000 ഭവനങ്ങളുടെ പുനരുദ്ധാരണത്തിനും ഈ സർക്കാരിന്റെ കാലത്ത് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ടി വീടുകളിൽ പൂർത്തികരിക്കാത്ത ഭവനങ്ങൾക്ക് തുടർന്നുള്ള വർഷങ്ങളിലും ബഡ്ജറ്റ് വിഹിതം നീക്കി വെയ്ക്കുകയും നിർമ്മാണ പൂർത്തികരണം നടക്കുന്ന മുറയ്ക്ക് തുക അനുവദിച്ചു വരികയും ചെയ്യുന്നു. നിലവിൽ സംസ്ഥാന സർക്കാർ മുഖേന സംസ്ഥാനത്തെ ഭവനരഹിതരായ ജനവിഭാഗങ്ങൾക്ക് ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് വേണ്ടി ലൈഫ് മിഷൻ മുഖേന ഭവന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇമ്പിച്ചി ബാവാ ഭവന പദ്ധതി ലൈഫ് മിഷൻ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളും നൽകി വരുന്ന സ്കോളർഷിപ്പുകളും എന്തെല്ലാമാണ്; | (സി) | അനുബന്ധം 2 -ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പി.എസ്.സി., യു.പി.എസ്.സി., ബാങ്കിംഗ് പരീക്ഷകൾക്ക് സജ്ജരാക്കുന്നതിന് എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്തൊട്ടാകെ 24 പരിശീലന കേന്ദ്രങ്ങളും 32 ഉപ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ടി പരിശീലന കേന്ദ്രങ്ങളിൽ 2 റഗുലർ ബാച്ചുകൾ വീതവും ഒരു ഹോളിഡേ ബാച്ചും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ പി.എസ്.സി., യു.പി.എസ്.സി., റെയിൽവേ തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള പരീക്ഷാ പരിശീലനവും ആയതിനു പുറമെ ആലുവ പരിശീലന കേന്ദ്രത്തിനു കീഴിൽ സേനകളിൽ ചേരുന്നതിനുള്ള ഫിസിക്കൽ ട്രെയിനിംഗും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ കൂടാതെ താഴെ പറയുന്ന നൂതന പദ്ധതികൾ കൂടി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. **പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.**

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി./ പ്ലസ് ടു/വി.എച്ച്.എസ്.ഇ. തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കുമാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. എസ്.എസ്.എൽ.സി./ പ്ലസ് ടു/വി.എച്ച്.എസ്.ഇ. വിഭാഗത്തിന് 10,000/ രൂപയും ബിരുദ/ ബിരുദാനന്തരബിരുദ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് തുക.

2. **എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്.**

സർക്കാർ/ എയ്ഡഡ് മേഖലയിലെ പോളി ടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6,000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/- രൂപ നിരക്കിൽ ഇതിന്റെ പ്രയോജനം ലഭിക്കും.

3. **മദർ തെരേസ സ്കോളർഷിപ്പ്.**

പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/- രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

4. **ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി.**

വിധവ/ വിവാഹബന്ധം വേർപെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/- രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ. വിഭാഗത്തിനും, മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകുന്നു.

5. **ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ്.**

ന്യൂനപക്ഷ സമുദായത്തിലെ വിവാഹ മോചന നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിൻറെ ഭാഗമായി വിവാഹപൂർവ്വ കൗൺസലിംഗ് 2018-19 മുതൽ എല്ലാ ജില്ലകളിലും നടത്തി വരുന്നു.

**അനുബന്ധം – 2**

ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി താഴെ പറയുന്ന 8 സ്കോളർഷിപ്പുകൾ വകുപ്പ് മുഖേന നൽകി വരുന്നു.

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്).
2. സ്വകാര്യ ഐ.റ്റി.ഐ. കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ–റീ ഇംബേഴ്സ്മെൻറ് സ്കീം.
3. ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് & മാനേജ്മെൻറ് അക്കൗണ്ടൻസി/ കമ്പനി സെക്രട്ടറിഷിപ്പ് സ്കോളർഷിപ്പ്.
4. സർക്കാർ/ എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സുകളിൽപഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ്).
5. നേഴ്സിംങ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി (മദർതെരേസ സ്കോളർഷിപ്പ്).
6. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്.
7. അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ ഹോസ്റ്റൽ ഫീസ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതി.
8. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പ് അവാർഡ്.